(എഫ്) കെ. എഫ്. ആർ. ഐ. വിവിധ പരീക്ഷണത്തിനായി എടുത്തിട്ടുള്ള 25-ലധികം വൃക്ഷത്തോട്ടങ്ങൾ നിലമ്പൂരിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും മാതൃകാ തോട്ടങ്ങളായി നിലനിൽക്കുന്നു. മട്ടി, മുള, തേക്ക്, യൂക്കാലി, അക്കേഷ്യ, ഹോപ്പിയ എന്നിവ അതിൽ ചിലതാണ്.

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ചുകിട്ടിയ നിക്ഷിപ്ത വനഭൂമി

112 [1121] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ഉപാധികൾക്ക് വിധേയമായിട്ടാണ് അനുവാദം നൽകിയിട്ടുള്ളത്;

(ഡി) അനുവദിച്ച വനഭൂമി ഏതെല്ലാം തരത്തിലുള്ള വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ടം അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടം അനുവാദം നൽകിയ 7693.2257 ഹെക്ടർ വനഭൂമിയിൽ 7544.2257 ഹെക്ടർ (നിക്ഷിപ്ത) വനഭൂമിയാണ്.

(സി) വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പ്രഥമഘട്ട അംഗീകാരത്തിലെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇപ്പോൾ അനുവദിച്ചിട്ടുള്ള വനഭൂമി ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1122-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly